(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർ വാങ്ങിയത്

| വർഷം | എണ്ണം | സ്ഥാപിച്ച/അനുവദിച്ച സ്ഥലം | ചെലവാക്കിയ തുക-രൂപ | അഭിപ്രായം |
|---|---|---|---|---|
| 1998-99 | 1 | ജനറൽ ആശുപത്രി തിരുവനന്തപുരം | 6 ലക്ഷം | 5 എണ്ണം അനുവദിച്ചതിലും അടിസ്ഥാന സൗകര്യ മില്ലായ്മയിനാൽ 4 എണ്ണം കാൻസൽ ചെയ്തു. |
| 1999-2000 | 3 | ജില്ലാ ആശുപത്രി, പാലക്കാട്. ജില്ലാ ആശുപത്രി, തൃശൂർ. ജില്ലാ ആശുപത്രി, കൊല്ലം. | 25,50,000 | |
| 2002-03 | 1 | ജില്ലാ ആശുപത്രി, മഞ്ചേരി. | 8,68,992 | സ്ഥാപിച്ചിട്ടില്ല സ്ഥാപിതകാലാവധി തുടരുന്നു. ഈ തുക നൽകിയിട്ടില്ല |
| | | മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് വാങ്ങിയത് | | |
| 1997-98 | 1 | ആലപ്പുഴ മെഡിക്കൽകോളേജ്, ആശുപത്രി. | 2,95,400 | |
| 1998 | 1 | കോഴിക്കോട് മെഡിക്കൽ കോളേജ് | 5,90,000 | |
| 9-2-2000 | 1 | തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി. | 5,35,800 | |

തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ 2 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട് അതിൽ ഒന്ന് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ഉം ഒന്ന് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമാണ് വാങ്ങിയത്. അതിനാൽ ഇതിന്റെ വിലവിവരവും വാങ്ങിയ തീയതിയും അറിയില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം**

**19 (*169)** ശ്രീ. ടി. കെ. ബാഹുലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം നൽകുന്നതിൽ പാലിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി.) എത്ര തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതു വിഭാഗത്തിലെ ജനസംഖ്യ പട്ടിക വർഗ്ഗ ജനസംഖ്യ, വനപ്രദേശങ്ങൾ ഒഴിച്ചുള്ള ഭൂപ്രദേശം, നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതി, തനതു വരുമാനം, കർഷക തൊഴിലാളികൾ, കാലി വളർത്തൽ, മത്സ്യ ബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ, കക്കൂസ് ഇല്ലാത്ത വീടുകൾ, വൈദ്യുതി ഇല്ലാത്ത വീടുകൾ എന്നീ സൂചകങ്ങളുടെ വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി വിഹിതം നൽകുന്നത്.

(ബി) സർക്കാർ നവീകരണ പരിപാടിയിൽ (എം.ജി.പി.) തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടി 2003-04-ലെ ബഡ്ജറ്റിൽ 244.95 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) നവീകരണ പരിപാടികൾക്ക് വേണ്ടിയുള്ള ഉപസമിതികളും ടാസ്ക് ഫോഴ്സുകളും സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ അന്തിമ തീരുമാനം ആയതിനുശേഷം മാത്രമേ നിബന്ധനകൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന എന്നിവ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം**

**20 (*170)** ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശനം, ഫീസ് ഘടന എന്നിവ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിൽ നിന്നും ഏതെങ്കിലും മാർഗ്ഗ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം, ഫീസ് ഘടന എന്നിവയുടെ കാര്യത്തിൽ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ടോ ?

ആരോഗ്യ് വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത മാർഗ്ഗരേഖകളിൽ ചിലത് താഴെ കൊടുക്കുന്നു.

---

† അനുബന്ധം II



LIBRARY ARCHIVES Kerala Legislative Assembly

7. അറസ്റ്റു ചെയ്യപ്പെടുന്ന ആളെ, അയാൾ ആവശ്യപ്പെടുന്ന പക്ഷം, അറസ്റ്റു ചെയ്ത ഉടൻതന്നെ ദേഹപരിശോധനയ്ക്ക് വിധേയനാക്കേണ്ടതും വലുതും ചെറുതുമായ മുറിവുകൾ ഏതെങ്കിലും അയാളുടെ ശരീരത്തിലുണ്ടെങ്കിൽ തൽസമയം അതു രേഖപ്പെടുത്തേണ്ടതുമാണ്. 'പരിശോധനാ മെമ്മോയിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളും അറസ്റ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥനും ഒപ്പു വയ്ക്കേണ്ടതും അതിന്റെ പകർപ്പ് അറസ്റ്റ് ചെയ്യപ്പെട്ട ആളിനു നൽകേണ്ടതുമാണ്.

8. അറസ്റ്റു ചെയ്യപ്പെട്ട ആളെ കസ്റ്റഡിയിലായിരിക്കുന്നിടത്തോളം, 48 മണിക്കൂറിലൊരിക്കൽ ബന്ധപ്പെട്ട സംസ്ഥാനത്തേയോ കേന്ദ്രഭരണ പ്രദേശത്തേയോ ആരോഗ്യവകുപ്പു ഡയറക്ടർ നിയമിച്ചിട്ടുള്ള അംഗീകൃത ഡോക്ടർമാരുടെ പാനലിലുള്ള വിദഗ്ദ്ധനായ ഒരു ഡോക്ടർ പരിശോധിക്കേണ്ടതാണ്. എല്ലാ താലൂക്കുകളിലേയും ജില്ലകളിലേക്കും വേണ്ടി അപ്രകാരമൊരു പാനൽ ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കേണ്ടതാണ്.

9. മേൽ പറഞ്ഞിട്ടുള്ള അറസ്റ്റു മെമ്മോ ഉൾപ്പെടെയുള്ള എല്ലാ രേഖകളുടേയും പകർപ്പ് തക്ക അധികാരപരിധിയിലുള്ള മജിസ്ട്രേട്ടിന് രേഖപ്പെടുത്തുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.

10. ചോദ്യം ചെയ്യലിനിടയിൽ, എല്ലായ്പ്പോഴുമല്ലെങ്കിലും, തന്റെ വക്കീലിനെ കാണുന്നതിന് അറസ്റ്റു ചെയ്യപ്പെട്ട ആളിന് അനുവാദം നൽകാവുന്നതാണ്.

11. എല്ലാ ജില്ലകളിലും സംസ്ഥാന ആസ്ഥാനങ്ങളിലും ഓരോ പോലീസ് കേന്ദ്രം തുറക്കേണ്ടതും അറസ്റ്റു ചെയ്യപ്പെട്ട ആളിന്റെ അറസ്റ്റും കസ്റ്റഡിയിലുള്ള സ്ഥലവും സംബന്ധിച്ച വിവരം അറസ്റ്റു ചെയ്ത ഉദ്യോഗസ്ഥൻ പ്രസ്തുത കേന്ദ്രത്തിലേയ്ക്ക് അറസ്റ്റു ചെയ്ത 12 മണിക്കൂറിനകം അയച്ചുകൊടുക്കേണ്ടതും ആയത് അവിടെ ഒരു പ്രധാനപ്പെട്ട സ്ഥലത്ത് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

## അനുബന്ധം II

[23-6-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 19(*169) ദയവായി കാണുക]

### തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിർവഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള സർക്കാർ നവീകരണ പരിപാടികൾ

| | | |
|---|---|---|
| 1. | ആസ്തി പുനരുദ്ധാരണ ഫണ്ട് | 60.00 കോടി രൂപ |
| 2. | സോഷ്യൽ ആഡിറ്റ് പ്രവർത്തനക്ഷമമാക്കൽ | 5.70 " |
| 3. | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ | 3.25 " |
| 4. | സേവന ലഭ്യത മെച്ചപ്പെടുത്തൽ | 5.00 " |
| 5. | ആക്ഷൻ പ്ലാൻ നടപ്പാക്കൽ | 73.00 " |
| 6. | കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കൽ | 25.00 " |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 7. | സ്വത്തുനികുതി നിർണ്ണയിക്കുന്നതിന് പുതിയ ചട്ടങ്ങൾ തയ്യാറാക്കുക. | 5.00 കോടി രൂപ |
| 8. | ധനകാര്യ മാനേജ്മെന്റിലെ കാര്യശേഷി വർദ്ധിപ്പിക്കൽ | 5.00 " |
| 9. | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ സേവനം മെച്ചപ്പെടുത്തൽ | 15.00 " |
| 10. | സാമൂഹ്യ സുരക്ഷിതത്വത്തിനും അഗതികളുടെ പരിരക്ഷയ്ക്കും പൈലറ്റ് പ്രോജക്ട് | 48.00 " |
| | ആകെ | 244.95 " |

## അനുബന്ധം III

[23-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 63(*89) ദയവായി കാണുക]

ഗ്രാമവനം

വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 2 ഏക്കർ സ്ഥലം ഏറ്റെടുത്ത് റിക്രിയേഷൻ ഫോറസ്റ്റ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ട്. ഇതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ 2 ഏക്കർ സ്ഥലം ഏറ്റെടുത്ത് വനംവകുപ്പിനെ ഏൽപ്പിക്കണമെന്നും, ടി സ്ഥലത്ത് ഫലവൃക്ഷങ്ങളും ഔഷധച്ചെടികളും തേക്ക്, ചന്ദനം തുടങ്ങിയ മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനാണ് ടി പരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്. വിവിധ സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടിയും ജനപങ്കാളിത്തത്തോടുകൂടിയും മരങ്ങൾ വച്ചു പിടിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിന് ആവശ്യമായ തൈകൾ ഉത്പാദിപ്പിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുന്നതിനും അവർക്കു വേണ്ട പരിശീലനം നൽകുന്നതിനും പദ്ധതിയുണ്ട്. കൂടാതെ വകുപ്പിലെ ജീവനക്കാർക്കും വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആധുനിക സാങ്കേതിക വിദ്യകളെ സംബന്ധിച്ചും പരിശീലനം നൽകും. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും വനവിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വനവൽക്കരണത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ ടി കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും സഹായകരമായ രീതിയിൽ കൈപുസ്തകങ്ങൾ, ലഘുലേഖകൾ എന്നിവ പ്രസിദ്ധീകരിക്കുവാനും മാധ്യമങ്ങളിൽ കൂടി ആവശ്യമായ പ്രചരണം നടത്തുന്നതിനും പരിപാടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly